# ചില്ലകളിൽപ്പോലും കാതലുള്ള വൃക്ഷം

വി. ആർ. സന്തോഷ്



ചില്ലകളിൽപ്പോലും കാതലുള്ള വൃക്ഷം
വി. ആർ. സന്തോഷ്
(മലയാളം: ലേഖനം)

© 2020, V. R. Santhosh

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Trees, a painting by Piet Mondrian (1872–1944). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ചില്ലകളിൽപ്പോലും കാതലുള്ള വൃക്ഷം

ചില്ലകളിൽ പോലും കാതലുള്ള വൃക്ഷമാകുക എന്നതാണ് ഒരു മരത്തിന്റെ ആഗ്രഹം. ആ ആഗ്രഹം വളർത്തി ചില്ലകളിലെത്തിക്കുമ്പോളാണ് ആ വൃക്ഷത്തിന്റെ ജീവിതം സഫലമാകുക. അങ്ങനെയുള്ള ഒരു വൃക്ഷം അന്വേഷിച്ച് കാടുകളിലെത്തുന്ന മരം വെട്ടുകാരനെക്കുറിച്ച് ആലോചിച്ചു നോക്കൂ. അയാളുടെ ആഗ്രഹം സഫലമാകുമോ? ഒരിക്കലും സഫലമാകില്ല. ഒരു വൃക്ഷം അതിന്റെ നൂറു വർഷം കൊണ്ട് പൂർണ്ണതയിലെത്തുമെങ്കിലും മരം വെട്ടുകാരന് അത് എന്നെങ്കിലും കണ്ടെത്താനാകുമോ? തുഞ്ചായം ഉണങ്ങി നിൽക്കുന്ന വൃക്ഷം ആയുസെത്തി ശാഖകളിലെല്ലാം കാതലുള്ള വൃക്ഷമായി അയാൾക്ക് ഒരിക്കലും തോന്നില്ല. ഉണങ്ങിയ വൃക്ഷമായേ തോന്നൂ. മലയാളിയിൽ എപ്പോഴും ഒരു മരം വെട്ടുകാരനുണ്ട്. ആ മരം വെട്ടുകാരന് കാതലുള്ള വൃക്ഷങ്ങളെ കണ്ടെത്താൻ കഴിയാറില്ല. കാട്ടിലും പൊന്തകളിലുമുള്ള പാഴ്മരങ്ങളെ കാതലുള്ള മരങ്ങളായി വെട്ടി ഉരുപ്പടികളായി സൂക്ഷിക്കും. ചിതലോ ഉച്ചോ കുത്തി സൂക്ഷിപ്പിൽ തന്നെ ഇല്ലാതാകുമെങ്കിലും മരം വെട്ടുകാരന്റെ കാമനാ കൗതുകം കാതലിൽ കുത്തേൽക്കില്ലെന്നു കരുതി സമാധാനിക്കും. ഈ സമാധാനമാണ് ഇന്നത്തെ കലാ നിർമ്മിതികളിൽ കാണാൻ കഴിയുന്നത്. യഥാർത്ഥ മരം വെട്ടുകാരൻ നമ്മിൽ നിന്ന് അകന്നു പോകുകയും യഥാർത്ഥ കാതൽ കാണാൻ കഴിയാതേയും ആയിരിക്കുന്നു. പാഴ്മരങ്ങളിലെ ചില്ലറ ഉരുപ്പടികൾ മാത്രം കാണുന്നവരായിത്തീർന്നിരിക്കുന്നു. കേസരിയും സി. ജെ. തോമസും എം. എൻ. വിജയനും എം. പി. ശങ്കുണ്ണി നായരും എം. ഗോവിന്ദനും ജി. എൻ. പിള്ളയും ഡോ. ടി. പി. സുകുമാരനും തുടങ്ങി ഏതാനും പേർ നമ്മുടെ കാതലുകളിൽ നോക്കി മരത്തിന്റെ ആയുസ്സ നിർണ്ണയിക്കാൻ കഴിവുള്ളവരായിരുന്നു. അതിന്റെ തുടർച്ചയെന്നോണം ടി. കെ. രാമചന്ദ്രൻ, ബി. രാജീവൻ, വി. സി. ശ്രീജൻ, നിസാർ അഹമ്മദ്, വി. സനിൽ, നന്ദകുമാർ, ടി. ടി. ശ്രീകുമാർ തുടങ്ങിയവരെ കാണാവുന്നതാണ്. ഇവർക്ക് കാതലിൽ നല്ല പിടിപാടുമുണ്ട്. എന്നാൽ പിന്നീടിങ്ങോട്ട് പാഴ്മരങ്ങളെ നിറയെ കാതലായി കണ്ടവരാണ് ഈ വിരുന്നു മേശയിലെത്തിയവർ. അവർ രുചിച്ചതെല്ലാം ഒരേ രുചിയിലായിരുന്നു. അവർ എഴുതിയത് ഫീച്ചറിന്റെ കുളിരിലായിരുന്നു. സ്വയം അഭിരമിച്ച് ആഴത്തിനു പകരം താൻ കണ്ട തന്റെ നിഴലിനെ പകർത്തിവച്ചു. സാമൂഹിക രാഷ്ട്രീയ ബോധം പരിശോധിക്കുന്ന പോയറ്റിക്സിനു പകരം ആമുഖമെഴുതുന്ന തത്തയുടെ ചീട്ടെടുപ്പിലേക്ക് നീങ്ങി. തനിക്ക് വളയുന്ന മരങ്ങൾക്കു ചോട്ടിലവർ നിന്നു. കാതലുള്ള മരങ്ങൾ വളയാത്തതിനാൽ അവയെ കാണാതെയുമിരുന്നു.

അവ കാതലിലേക്കു തന്നെ വളർന്നുകൊണ്ടിരുന്നു. എന്നാലും പാഴ്മരങ്ങളുടെ കാതലിനെക്കുറിച്ച് എഴുതുന്നത് തുടർന്നു കൊണ്ടുമിരുന്നു. പടർ വേരുകളുള്ള ചെടികളെക്കുറിച്ച് ഇവർ അറിയുക പോലും ചെയ്തില്ല. അവയുടെ പടർ വേരുകൾ പുതിയ ജ്ഞാനങ്ങളെ ഉല്പാദിപ്പിച്ചപ്പോൾ കാതലുള്ള മരങ്ങൾക്ക് സന്തോഷമായി. എന്നാൽ കാതൽ ഉള്ളിനെ ഉറപ്പിക്കുന്നതിനാൽ പടർ വേരുള്ളവയ്ക്കും അതിന്റെ ഉറപ്പുണ്ടെന്നു മനസിലാക്കി. സച്ചിദാനന്ദൻ ആ സാധ്യതകൾക്കായി മലയാളത്തിൽ എല്ലാ വാതിലുകളും തുറന്നിട്ടു. തന്റെ ശാഖകളിലെ കാതലിനു കാരണം പടർ വേരുള്ള ചെടികളാണെന്നും തിരിച്ചറിഞ്ഞു. ദളിത്, ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങളെ മലയാളത്തിന്റെ നിത്യ വ്യാകരണങ്ങൾ തെറ്റിച്ച് കൂട്ടിച്ചേർത്തു. അംബേദ്ക്കറുടെ ജൈവ നീതിയേയും ജൂലിയക്രിസ്റ്റോവയുടെ സങ്കീർണ സ്ത്രൈണതയേയും ഏകപക്ഷീയമല്ലാതെ തുറന്നു വച്ചു. ലാറ്റിനമേരിക്കൻ സാഹിത്യത്തേയും ആഫ്രിക്കൻ സാഹിത്യത്തേയും മൈനർ ലിറ്ററേച്ചറിനേയും തന്റെ കാതലിൽ തന്നെ പുറത്തെടുത്തു. രാമാനുജനെപ്പോലെ ഇന്ത്യൻ സാഹിത്യത്തിലെ പ്രശ്നവൽക്കരണ സന്ദർഭങ്ങളെ അതിന്റെ പരിസരത്തു നിന്ന് അടർത്തിയെടുത്തു. കബീറായും അക്ക മഹാദേവിയായും ബുള്ളേഷയായും നമ്മുടെ ഇടത്തിനോട് ചേർത്തു വച്ചു. അതെല്ലാം തന്റെ ശിഖരങ്ങളിലെ കാതലിനെ പരിശോധിക്കാനായിരുന്നു. തന്റെ ഒരു നേർത്ത ശാഖയിൽപ്പോലും കാതൽ നഷ്ടപ്പെടരുതെന്ന് ആഗ്രഹിച്ചതിനാൽ അയ്ക്വോയ് അർമയെപ്പോലെ ബ്യൂട്ടിഫുൾ വൺസ് ആർ നോട്ട് യെറ്റ്ബോൺ എന്ന് ആവർത്തിച്ചുക്കൊണ്ടിരുന്നു. അങ്ങനെ തന്നിലിരുന്ന് അധികാരത്തോടും അഴിമതിയോടും കലഹിക്കുകയും ചെയ്തു. അത് വിചാരമായി കവിതയുടെ കാതലിൽ ഒരു ഉളിയ്ക്കും പിടികിട്ടാത്ത ശില്പമായി കിടന്നു. ചിലപ്പോളത് അഴിക്കും തോറും പിരിവുള്ള ഡിഎൻഎയായി. എങ്കിലുമത് കവിതയായിരുന്നു. സന്ദേഹമുള്ള, അനന്തതയെ എയ്യുന്ന കവിത. മരിച്ചതും നഷ്ടപ്പെട്ടതുമായ ഭാഷയെ തിരിച്ചെടുക്കുന്ന കവിത. ഭാഷയുടെ ദൈവവുമായി (ദെറിദ പോൾ സെലാന്റെ കവിതയെക്കുറിച്ച് പറയുന്നതുപോലെ) കാതലുരക്കുന്ന കവിത നമ്മുടെ ഛായപടങ്ങളിലെ അവ്യക്തത (indecipherability) യെ മാറ്റിയെടുക്കുന്നു. അവ്യക്തതയിൽ നിന്ന് വ്യക്തതയും അതിന്റെ ഉൾപ്പിരിവുകളും കാട്ടിത്തരുന്നു. ഓരോ രാജ്യത്തു നിന്നും അതിന്റെ സൂക്ഷ്മ പ്രദേശങ്ങളെടുത്ത് കൂട്ടിപ്പിരിക്കുന്നു. എപ്പോഴും പുതിയതായി നമുക്കു മുന്നിൽ വന്നു നിൽക്കുന്നു. പുതിയതായി ആരംഭിക്കുന്നു. അനായാസം തുറന്നു പറയുന്നു. എപ്പോഴും നവീകരിക്കുന്ന റെനെമാഗരിതിന്റെ ചിത്രം പോലെ.

അനുഭവത്തിന്റെ പദകോശങ്ങൾ അടക്കിയ ഈ ഭൂഖണ്ഡത്തിൽ നദികളും അരുവികളും തടാകങ്ങളും കടലുകളും സമുദ്രങ്ങളുമുണ്ട്. ഒന്നിൽ നിന്ന് ഒന്നിലേക്ക് പകർന്ന് അതിന്റെ വിസ്തൃതി വർദ്ധിക്കുന്നു. വായനയിൽ നിന്ന് പ്രസാധനത്തിലേക്ക് അതിൽ നിന്ന് അധ്യാപനത്തിലേക്ക് അതിൽ നിന്ന് സഞ്ചാരത്തിലേക്ക് അതിൽ നിന്ന് വിവർത്തനത്തിലേക്ക് അങ്ങനെ കാതലുള്ള എത്ര ലോകങ്ങൾ. ചിത്രകലയിൽ നിന്ന് പടർന്ന ആദ്യ കാലങ്ങൾ. വിദേശവും സ്വദേശവും എന്നില്ലാതെ എഴുത്തിലെ ചേർച്ചകൾ. അതിൽ നിന്ന് പൗരസ്ത്യമായ അറിവിനെ തിരിച്ചെടുക്കൽ; ഒരിക്കലും പഴകാതെ. അതിന്റെ നിഗൂഢതകൾ അരിച്ചു മാറ്റി സുതാര്യമാക്കി വയ്ക്കുന്നു. ഭക്തിയോടെ തിരിച്ചു പോകാൻ കഴിയാത്ത വിധം വ്യക്തമായി. ഇങ്ങനെ കാതലിനോട് അടുപ്പിച്ച് വച്ച് നമ്മെ വിളിച്ചുണർത്തുന്ന സച്ചിദാനന്ദനെക്കുറിച്ച് ഗവേഷണം ആവശ്യമാണ്. ആ വ്യക്തി; ഒരു സമൂഹമാണ്. പല തരം സമൂഹം. അതു കൊണ്ട് അതിന്റെ ഉള്ളിലേക്ക് ഇറങ്ങേണ്ടതുണ്ട്. അതിന്റെ ബയോ പൊളിറ്റിക്സ് അത്രകണ്ട് വിശാലമാണ്.

അതുകൊണ്ടു തന്നെ ഇറങ്ങി ഓരോന്നും കണ്ടെത്തേണ്ടതുണ്ട്. ആ വൃക്ഷത്തിന്റെ ഓരോ ശാഖയിലും കാതലുള്ളതിനാൽ പഴയ ഉളിയുടെ ഉപയോഗം കൊണ്ട് ഒന്നും കണ്ടെടുക്കാനാവില്ല. കൊത്തുമ്പോഴുള്ള ആയലിൽ സ്വയം നിലത്തു വീഴാതിരിക്കുക. കാതലുള്ള വൃക്ഷം ശാഖകളടക്കം കൊടുങ്കാറ്റ് നിറച്ചതാണ്.



ചിത്രം: വി. ആർ. സന്തോഷ്

□

## വി. ആർ. സന്തോഷ്



ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിൽ ഇൻഫർമേഷൻ ഓഫീസറായി ജോലി ചെയ്യുന്നു. അഞ്ച് കവിതാ സമാഹാരങ്ങൾ, ഒരു ചിത്രകലാനിരൂപണ ഗ്രന്ഥം, 25 വിവർത്തന പുസ്തകങ്ങൾ.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.